പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1175

01 .07.2015-ൽ
മറുപടിയ്ക്ക്

## കിണറുകൾ വൃത്തിയാക്കുന്നവർക്ക് സുരക്ഷാബോധവല്ക്കരണം

ചോദ്യം
ശ്രീ. ടി. എ. അഹമ്മദ് കബീർ
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. സി. മമ്മൂട്ടി
ശ്രീ. കെ.എൻ.എ. ഖാദർ

മറുപടി
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) കിണറുകൾ വൃത്തിയാക്കാനിറങ്ങുന്നവരും ഭൂമി കുഴിച്ചുള്ള പണികളിലേർപ്പെടുന്നവരും അവിചാരിത അപകടങ്ങളിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ശുദ്ധവായു ലഭിക്കാതെയും വിഷവാതകം ശ്വസിച്ചും മണ്ണിടിഞ്ഞും ഉണ്ടാകുന്ന ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമപ്രകാരമുള്ള സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് രജിസ്ട്രേഷൻ എടുക്കുന്ന എല്ലാ തൊഴിലുടമകൾക്കും കർശന നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ, തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1 എന്നിവർ ടി നിയമപ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ തൊഴിലിടങ്ങളിൽ പാലിക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്.

(സി) ഇത്തരം പ്രവൃത്തികളിലേർപ്പെടുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങളെക്കുറിച്ചും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ബോധവല്ക്കരണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(സി) തൊഴിലിടങ്ങളിൽ ഒരുക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ബോധവൽക്കരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചു വരുന്നു. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോഡിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെയും സഹായത്തോടെ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും തൊഴിലിടങ്ങളിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി കർമ്മപരിപാടി തൊഴിൽ വകുപ്പ് ആസൂത്രണം ചെയ്യുന്നതാണ്. അപകടമരണം സംഭവിക്കുന്ന സന്ദർഭങ്ങളിൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലുടമ/ കരാറുകാരൻ നോട്ടീസ് നൽകി നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ